

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 13 No.10 Newsletter October 2015



"നിങ്ങളുടെ വാർദ്ധക്യംവരെ ഞാൻ അനന്യൻ തന്നേ;
നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും;" (യെശയ്യ 46:4)

അഭിനന്ദനങ്ങൾ

# വാർത്തകൾ



എം.കോം പരീക്ഷയിൽ (അണ്ണാമല യൂണിവേഴ്സിറ്റി) ഫസ്റ്റ് ക്ലാസ്സിൽ വിജയിച്ച ബിനിൽ വിൻഫ്രഡ്.
പിതാവ്: വിൻഫ്രഡ് വിൽസൺ, മാതാവ്: ബീന വിൻഫ്രഡ്.

## കുടുംബവാരം

സെപ്റ്റംബർ 6 മുതൽ 13 വരെ കുടുംബവാരം ആചരിച്ചു. ഇതോടനുബന്ധിച്ച് സ്ത്രീജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ ക്രമീകരിച്ചിരുന്നു.

## പ്രകാശനം ചെയ്തു

നമ്മുടെ സഭാംഗമായ ശ്രീ. ഇമ്മാനുവേൽ ഹെൻട്രി തയ്യാറാക്കിയ മലയാള വേദപുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി സെപ്റ്റംബർ 20-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ ബിഷപ്പ് റൈറ്റ്. റവ. ധർമ്മരാജ് റസാലം പ്രകാശനം ചെയ്തു. റവ. മാത്യു സ്കറിയാ (സെക്രട്ടറി, ബൈബിൾ സൊസൈറ്റി), കേണൽ പി.എം. ജോസഫ്, ഷെവലിയാർ ഡോ. കോശി എം. ജോർജ്ജ്, റവ. പോൾസൺ, റവ. സി. ആർ. വിൻസെന്റ്, റവ. സുനിൻ സ്പെൻസർ എന്നിവർ പങ്കെടുത്തു.

## ബൈബിൾ ക്വിസ് - 2015

ഗോസ്പൽ ബാന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നമ്മുടെ സഭയുടെ വാർഷിക ബൈബിൾ ക്വിസ് നവംബർ 8, ഞായറാഴ്ച നടക്കുന്നതാണ്. വേദഭാഗം: സങ്കീർത്തനങ്ങൾ, യോഹന്നാൻ എഴുതിയ സുവിശേഷം. 25 ശതമാനം ചോദ്യങ്ങൾ നമ്മുടെ സഭാചരിത്രത്തെ ആസ്പദമാക്കിയായിരിക്കും. പ്രായഭേദമെന്യേ ഏവർക്കും പങ്കെടുക്കാവുന്നതാണ്.

## മെൻസ് ഫെല്ലോഷിപ്പ് റിട്രീറ്റ്

സെപ്റ്റംബർ 5-ാം തീയതി ശനിയാഴ്ച മെൻസ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ തെൻമല വെച്ച് നടക്കുകയുണ്ടായി. 30 അംഗങ്ങൾ കുടുംബമായി പങ്കെടുത്തു. റവ. സുനിൻ സ്പെൻസർ നേതൃത്വം നൽകി. ശ്രീ. ജോൺ ധ്യാനപ്രസംഗം നടത്തി. ശ്രീ. ജെ. എഡ്വേർഡ് ജോൺ കൃതജ്ഞത രേഖപ്പെടുത്തി.

## വാർഷിക സുവിശേഷ യോഗം 2015





നമ്മുടെ സഭയുടെ വാർഷിക സുവിശേഷ യോഗം സെപ്റ്റംബർ 24 മുതൽ 27 വരെ നടന്നു. റവ. റ്റി. സെൽവരാജൻ ഉദ്ഘാടനം ചെയ്തു. വെരി. റവ. ജോസഫ് സാമുവൽ കറുകയിൽ കോർ എപ്പിസ്കോപ്പ മുഖ്യപ്രസംഗകനായിരുന്നു. ചർച്ച് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

# CHURCH VOICE

13th year of publication

**OCTOBER 2015**



**Chief Editor**

Rev. T. Selvarajan

**Editor**

R. Sajan Samson

**Sub-Editor**

Manoj Kumar Ebenezer

**Editorial Board**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**Circulation Manager**

Zaem Enock



**Address:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com



**Printed at :**

**Grace Printers**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. M. Sam Moses | 2311754 | 9447011754 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



## Caring for and Respecting the Elders

In Exodus 20:12 it is written

"Honour your father and your mother so that your days may be long in the land that the Lord your God is giving you".

The Holy Scripture here says about the attitude of Gods' children, not only to their own parents but also to the elders in general.

The Church ought to ask itself the question. "Why should we respect our elders"?

On the basis of the Bible, we can get four answers to this question and they are.

1) Because they possess wisdom.
2) Because they are fruitful even at that age.
3) Because they are the sources of faith, and
4) Because they can live blamelessly according to the commandments and regulations of God.

### 1) They possess wisdom

In Genesis Chapter 24 we can see that Abraham entrusts his seniormost servant with a duty to search for a maid to become wife of his son Issac. In verses 12 to 14 we can see a beautiful prayer of this elder servant which enabled him to obey the command of his master Abraham. The servant had sufficient wisdom to select the alternative of prayer to the almighty. The elders of the Christian Society find wise solutions to all their problems through prayer. Proverbs 9:10 says "The fear of the Lord is the beginning of wisdom".

In fact a man or woman begin a life of prayer with full concentration at their old age and thereby they start the life of a wise man or woman.

### 2) They are fruitful

Psalm 92:14 says.

"In old age they still produce fruit; they are always green and full of sap".

These words are written about a righteousness man. Only this righteous man or woman can give leadership and guidance to the younger generations, because he has within him the light from God.

When we observe the trees, we can see that there are tiny saplings shooting up from the bottoms of even the oldest trees.

Likewise the elderly people who are righteous can direct the younger generation of the Church to the path of righteousness before the Almighty.

### 3) They are the sources of faith

In II Timothy 1:4 & 5. St. Paul mentions about the sincere faith of Timothy. Also he makes it clear that this faith lived first in his grandmother and mother.

The Senior Citizens of the Church ought to kindle the light of faith from generation to generation. Since the elders are the only persons who are able to kindle the flame of faith, they should be honoured.

### 4) They can live blamelessly according to the commandments and regulations of God.

At the time of old age, one attains the ability to resist all sorts of worldly persuasion and bribes. The persuasions and bribes of the world forms the root cause for diversion from the path of God. If one can free himself/herself from the clutches of such persuasion, they can live a creative Christian life. The younger generation can take the life of such elders as a role model.

The younger generation and children of our church have to be aware of these facts. Then their attitude towards the elders could become creative and the 'generation gap' can be minimized to a large extend.

If the church respects, cares for and follows the footsteps of the Elderly people, it is sure and certain that a righteous generation will flourish within the church in days to come.

May Lord Bless the Church for the same. Amen.

**Rev. T. Selvarajan**
Presbyter-in-charge



## പ്രതിവാര ധ്യാനം

**ഒക്ടോബർ 2015**

ഒക്ടോബർ 04, സീനിയർ സിറ്റിസൺസ് ഞായർ
വിഷയം: **അയ്മേനികളുടെ ശുശ്രൂഷ**
1 ശമൂ.25:14–28, സങ്കീ.23, 1.തെസ്സ.4:1–12, ലൂക്കോ.10:25–37

ഒക്ടോബർ 11, രണ്ടാം ഞായർ
വിഷയം: **അംഗപരിമിതർ: സ്വാഭിമാനവും ആശ്രയവും**
പുറ.4:10–17, സങ്കീ.103:1–33, അ.പ്ര.3:1–10, മത്താ.17:14–21

ഒക്ടോബർ 18, യുവജന ഞായർ
വിഷയം: **അർത്ഥവത്തായ ജീവിതം തേടി യുവത്വം**
ഉൽപ്പ.39:1–23, സങ്കീ.17, എബ്രാ.12:1–11, യോഹ.1:43–51

ഒക്ടോബർ 25, നാലാം ഞായർ
വിഷയം: **നവീകരിക്കപ്പെട്ട നവീകരിക്കുന്ന സഭ**
(Church: Reformed and Reforming)
ആവ.പുസ്ത.26:4–11, സങ്കീ.109:21–31, അ.പ്ര.2:43–47, മത്താ.13:33–35

## SECRETARY'S REPORT



Dear friends,

As we **celebrate the Senior Citizens' Sunday on the 4th October 2015**, we are reminded of the Biblical mandate found in Exodus 20:12 **"Honour your Father and Mother"**. **This celebration demands us to care and love the elderly with absolute devotion and duty**. While parents are aging gracefully, several children fail to accept, respect, love and care for their parents. Both fathers and mothers have stories to tell of disappoints, frustrations and failures. In spite of being a doctor, engineer, holding esteemed secular vocations, IT professional or decently placed in Government jobs, there are instances where children consider parents as a burden in their contemporary contexts.

All stages of life are the gift of God and especially ageing gracefully is the abundant blessing of God that has to be revered, respected and adored. **"Revere your Mother and Father"** (Deuteronomy 19:3). Parents as they grow old expect and long for genuine love from their children. **The way we treat the elderly will reflect to us when we grow old**. The elderly are full of life experiences and faith stories. Listening to them enriches and equips the younger ones for rich and meaningful celebration of life. The clarion call for us is to love, to listen and to be loyal to aged parents, grandparents and all aged people outside the family circle.

**Church Membership:**

Temporary membership is granted to Mr. G. Bright and family, TC-27/754, Sharon Villa, Athani lane, Vanchiyoor, Trivandrum (son in law of late Ponnumani Magistrate).

Associate Membership is granted to Smt. Hanna Vijay, (Bangalore native, staying at Ulloor) attending English service.

Associate Membership is granted to Mr. Vinish V. Benjamin of CSI Thozhukal.

10% DA Enhancement is granted to Church staff (Sexton, Parish Assistant & Accounts Clerk) w.e.f. 01/04/2015. For those engaged on daily wages, enhancement of ` 20/-per day is made from September, 2015.

The following Financial sanctions were made during the month:

**A. Medical Aid**

Smt. Rathnamma – CSI Pothencode – `2500/-
Smt. Jessy John - CSI Chandramangalam – ` 2,000/-

Smt. Bindhu Sreedhar – ` 2,500/-
Smt. Kala – CSI Elavattom – ` 3,000/-
Smt. P. Santha – CSI Aletty – ` 3,000/-

**B.Medical Aid**

Sri. Ramachandran Asari – ` 3,000/-

**C. Marriage Aid**

Smt. Gomathy – CSI Peyad – ` 5,000/-

To tide over the present crisis in the conduct of Church Worship in Kothalam Mission Field, a monthly Rent of ` 3,000/- is paid from September 2015 for the present house used for Sunday Worship.

A grant ` 15,000/- is paid to SCF for the conduct of SCF Week (27th September to 4th October) SCF Day & Felicitation.

Passion Week Programme in 2016 is planned with Er. Thomas Alexander, Kollam as speaker under the leadership of the Gospel Band.

The Handwritten Malayalam Bible of Sri. Immanuel Henry was released in the Church by Rt. Rev. A. Dharmaraj Rasalam, Bishop SK Diocese on 20/09/2015. Rev. Mathew Skariah, Secretary of the Kerala Auxiliary of Bible Society of India gave the message. Sri. Immanuel Henry was facilitated by the Church and mementos were gifted by the Sunday School and CEYF. Sri. Sajan Samson took leadership in organising this event in our Church.

At the request of Mr. Selvin Vijayakumar & family (who lost their son) and Mr. Ishmail Manohar Lal & family, who lost their son in the prime of youth and buried in our Cemetery vault, on special consideration, sanction is accorded for adjacent vault reservation for parents.

At the request of Mr. Jacob John B (F. No.105)Rose Dale, Ulloor Gardens-59, Medical College PO, Trivandrum-695011 to add the name (in the Church register) of his married sister staying with his family since 2008, membership is granted without voting right.

Permission is granted for door collection to the following organisations on the dates given below:

| | |
|---|---|
| a. SCF, SK Diocese | - 04/10/2015 |
| b. Board for Mission, SKD | - 25/10/2015 |
| c. NMS | - 08/11/2015 |
| d.Bible Society of India | - 22/11/2015 |

The old wooden materials pulled out from the former roof of TJM Hall Kitchen are donated to HMS for their use in HMS churches. Door collection for Kerala United Theological Seminary has amounted to Rs.60,265/-.

Floor tiling from the Cemetery chapel to the far end of the compound and fencing are envisaged with an approximate estimated cost of ` 4.5 lakhs. Competitive quotations are invited to execute the work after obtaining consent from the General Body of the Church.

Cabling extension of Diesel Generator to TJM Hall is undertaken as per the same rates quoted by the Contractor.

The construction of the church building at Salem Mission field is reaching roof level.

Referring to the applications submitted by Mr. Paul Jester and family, KP 9/25(XIX-313), Harvipuram Colony, Peroorkada, Trivandrum & Mr. Paul Prasad and family KP 9/24, (XIX-314), Harvipuram Colony, Peroorkada, Trivandrum for renewal of membership and updation of family records, the Presbyter in Charge is authorised to verify the originals and proceed with instruction to the families to clear all dues to the Church.

Dr. S.G. Churchin Ben has acquired BD Degree from a reputed University and the convocation is scheduled in Madras on 26/09/2015. The Church records appreciation for the efforts taken by him for theological education.

Wishing divine blessings on all our families,

Yours in Christ Jesus,

MM. Church
27-09-2015

Dr. Christenson E. Sarasam
Church Secretary.

***Dedication of Mr. Immanuel Henry's Handwritten Malayalam Bible***



# മുതിർന്നവരുടെ ജ്ഞാനം

റവ. എ. മനോഹരൻ
(സി.എസ്.ഐ, കുറവൻകോണം)

ജീവിതത്തിന്റെ സായാഹ്നമാണ് വാർദ്ധക്യം. വാർദ്ധക്യത്തിൽ ശാരീരികവും മാനസികവും, സാമൂഹികവുമായ മാറ്റങ്ങൾ ജീവിതത്തിൽ വന്നുഭവിക്കുന്നു. ശാരീരിക ഘടനയ്ക്കും പ്രവർത്തനങ്ങൾക്കും മാറ്റം സംഭവിക്കുന്നു എങ്കിലും ആരോഗ്യമുള്ള ഒരു വ്യക്തിക്ക് വാർദ്ധക്യത്തിലും ഫലപ്രദമായി പ്രവർത്തിക്കാനാകും. ഔദ്യോഗിക മേഖലകളിൽ നിന്ന് വിരമിച്ചാലും ഇതര പ്രവർത്തനമണ്ഡലങ്ങളിൽ സജീവമായി വാർദ്ധക്യത്തിലും ഫലം പുറപ്പെടുവിക്കാനാകും. വാർദ്ധക്യത്തിൽ ഒരു വ്യക്തി തന്റെ തൊഴിലിലും വിജ്ഞാനതലത്തിലും ഏറ്റവും പൂർണ്ണമായ ജ്ഞാനം കൈവരിക്കപ്പെടുന്നതിനാൽ, വിദ്യാഭ്യാസ, വിജ്ഞാന മേഖലകളിൽ ഇത്തരം വ്യക്തികളുടെ സേവനങ്ങൾ സ്ഥാപനങ്ങളും സമൂഹവും പ്രയോജനപ്പെടുത്തുന്നതായി കാണാം. ഉൽപ്പ.14:1–14–നെ അടിസ്ഥാനമാക്കി മുതിർന്നവരുടെ ജ്ഞാനത്തെക്കുറിച്ച് ചിന്തിക്കാം.

**1. മുതിർന്നവർ: അനുവജ്ഞാനമുള്ളവർ**

വേദപുസ്തകം ജ്ഞാനത്തിന് വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. ജ്ഞാനം നമ്മുടെ ബോധമണ്ഡലത്തെയും ജീവിതപാതയെയും പ്രകാശിപ്പിക്കും. ശരിയായ ജ്ഞാനവും തെറ്റായ ജ്ഞാനവും ഉണ്ട്. വ്യക്തിയുടെ ജീവിത അഭ്യുന്നതിക്കും സാമൂഹിക പ്രയോജനത്തിനും കാരണമാകുന്നതാണ് ശരിയായ ജ്ഞാനം. മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ അതിന് തെറ്റായ ജ്ഞാനമെന്നേ കരുതാനാകൂ. ഒരു വ്യക്തി ആർജ്ജിക്കുന്ന ജ്ഞാനത്തിന് സൈദ്ധാന്തിക തലവും പ്രായോഗിക തലവുമുണ്ട്. ജീവിതത്തിൽ പ്രായത്തിന്റെ കുറവ് സൈദ്ധാന്തിക ജ്ഞാനത്തിൽ എത്തിക്കുമ്പോൾ മുതിർന്ന പൗരന്മാർ സൈദ്ധാന്തികമായും പ്രായോഗികമായും ജ്ഞാനം സമ്പാദിച്ചവരായി കാണാം. ഈ അറിവിനെയാണ് അനുഭവജ്ഞാനമായി കരുതുന്നത്. തങ്ങളുടെ പ്രായം, വിദ്യാഭ്യാസം, തൊഴിൽ, ജീവതം എന്നിവയിലൂടെ ഒരു വ്യക്തി അനുഭവജ്ഞാനമുള്ള ആളായി തീരുന്നു. അനുഭവജ്ഞാനം ജീവിതത്തിൽ കാര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നിടത്ത് ദീർഘവീക്ഷണത്തോടെ ആയിരിക്കാൻ സഹായിക്കുന്നു. ഉൽപ്പ.24:1–14–ൽ തന്റെ മകനെക്കുറിച്ചുള്ള ഒരു ദീർഘവീക്ഷണമാണ് വയോധികനായ അബ്രഹാം പ്രകടിപ്പിക്കുന്നത്.

വിവാഹം തുടങ്ങിയ സുപ്രധാന കാര്യങ്ങൾ കുടുംബങ്ങളിൽ നടക്കുമ്പോൾ മുതിർന്നവരുടെ ദീർഘവീക്ഷണത്തോടുകൂടിയ അന്വേഷണങ്ങളും തീരുമാനങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. മറിച്ച് വർത്തമാനകാലത്തിൽ മൊബൈൽ ഫോൺ, ഫേസ്ബുക്ക്, ഇ–മെയിൽ മുതലായ മാധ്യമങ്ങളിൽക്കൂടെ ലഭിക്കുന്ന താൽക്കാലിക പരിചയംവെച്ച്, അനുഭവജ്ഞാനമുള്ള മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും അഭിപ്രായങ്ങൾ തള്ളിക്കളഞ്ഞും യുവതലമുറ എടുക്കുന്ന പല തീരുമാനങ്ങളും വ്യക്തികളുടെയും കുടുംബത്തിന്റെയും ജീവിതത്തെ സാരമായി ബാധിക്കുന്നു.

### 2. മുതിർന്നവർ: വിശ്വാസ ജ്ഞാനം പ്രാപിച്ചവർ

മുതിർന്നവരുടെ ജ്ഞാനം വിശ്വാസ, ആത്മീക രംഗങ്ങളിലും ഏറെ പ്രധാനപ്പെട്ടതാണ്. വിശ്വാസ-ആത്മീക രംഗങ്ങളിലെ ജ്ഞാനം ദൈവത്തെ സാക്ഷിക്കുന്നതിനും ദൈവപാതയിൽ ഉറപ്പോടെ ആയിരിക്കാനും ഇടയാക്കുന്നു. അബ്രഹാം തന്റെ ദാസനെ പിതൃഭവനത്തിലേക്കും ചാർച്ചക്കാരുടെ അടുക്കലേക്കും അയയ്ക്കുന്നതിന് മുമ്പ് തന്റെ ദാസൻ അബ്രഹാമിന്റെ ആഗ്രഹം പോലെ സംഭവിക്കുമോ, യിസഹാക്കിനെ തന്റെ സ്വന്ത ദേശത്തേക്ക് മടക്കിക്കൊണ്ട് പോകേണ്ടിവരുമോ എന്ന് ചോദിക്കുമ്പോൾ; അബ്രഹാം തന്റെ ദൈവത്തിലുള്ള വിശ്വാസം പങ്കുവെയ്ക്കുന്നു (ഉൽപ്പ.14:7). അബ്രഹാമിനെ പിതൃദേശത്ത് നിന്നും കൊണ്ടുവന്നവനും തന്റെ മക്കൾക്ക് കനാൻ ദേശം കൊടുക്കുമെന്ന് വാഗ്ദത്തം ചെയ്തവനുമായ സ്വർഗ്ഗത്തിലെ ദൈവം അബ്രഹാമിന്റെ ദാസന് മുമ്പായി തന്റെ ദൂതനെ അയച്ച് പ്രവർത്തിക്കും എന്ന വിശ്വാസമാണ് അബ്രഹാം പ്രകടിപ്പിക്കുന്നത്. അബ്രഹാമിന്റെ ദാസനും പ്രാർത്ഥനയോടെയാണ് തുടർന്ന് ആ കാര്യത്തിൽ ഇടപെടുന്നത് എന്ന് കാണാം. തന്റെ ഏക മകനായ യിസഹാക്കിനെ മോറിയ മലയിൽ യാഗം കഴിക്കാൻ ദൈവകൽപ്പന പ്രകാരം പോകുമ്പോൾ തന്റെ മകൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മുമ്പിലും അബ്രഹാം ദൈവത്തിലുള്ള ഈ വിശ്വാസം പ്രകടിപ്പിക്കുന്നു. ദൈവത്തിന് ചാരത്തിൽ നിന്ന് പോലും മക്കളെ തരാൻ കഴിയും എന്ന വിശ്വാസ ജ്ഞാനമാണ് ഇവിടെ കാണുന്നത്. ഇങ്ങനെ വിശ്വാസ ജ്ഞാനം പ്രാപിച്ചവരാണ് ദൈവത്തിന്റെ ആലയത്തിൽ നടുതലയായിരുന്ന് വാർദ്ധക്യത്തിലും ഫലം കായ്ക്കുമെന്ന് സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നത് (സങ്കീ.92:13-14).

മുതിർന്നവർ ഒരു ഭാരമായി സാമൂഹിക ജീവിതത്തിൽ കാണുന്ന ഒരു കാലഘട്ടമാണിത്. വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കുന്നതിൽ താൽപ്പര്യമില്ലാത്തവരും അവരെ ഉപേക്ഷിച്ച് ദൂരേക്ക് പോകാൻ താൽപ്പര്യപ്പെടുന്നവരുമായ മക്കൾ. വൃദ്ധമാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധങ്ങളിലും തലമുറകൾ തമ്മിലുള്ള അന്തരം (ജനറേഷൻ ഗ്യാപ്പ്) കാണാം. ജ്ഞാനം പുതുക്കപ്പെടുക അല്ലെങ്കിൽ പരിഷ്ക്കരിക്കപ്പെടുക പ്രധാനമാണ്. അത് തലമുറകൾ തമ്മിലുള്ള അന്തരം കുറയ്ക്കുകയും പരസ്പരം മനസ്സിലാക്കാനും സഹായകരമായി പ്രവർത്തിക്കാനും ഇടയാക്കും. കുടുംബബന്ധങ്ങളിലും സാമൂഹിക ജീവിതത്തിലും എല്ലാം മുതിർന്നവരുടെ ജ്ഞാനം അത്തരം അവസ്ഥയിൽ ഒഴിച്ചുകൂടാനാവാത്തതായി അനുഭവപ്പെടും. അവിടെ വാർദ്ധക്യവും വയോധികരുടെ ജ്ഞാനവും മാനിക്കപ്പെടുകയും ചെയ്യും.

## EVENTS upto 19-09-2015

### Crossed Jordan to be with the Lord

| Sl.No | Family No | Member | |
|---|---|---|---|
| 1 | 916 | **Mr.Arun S**<br>Daya, TC 11/1167,<br>HNo-60,Watts Lane,<br>Nanthencode<br>**Died on:- 27-08-2015** |  |

# BCL-JCF Retreat









## 10th Death Anniversary
9th October 2015



*Death is the funeral of all our sorrows."*
*- Thomas Watson*

## Ebenezer Nehemiah

Remembered by: Mathini Ebenezer
Manoj Ebenezer & R L Shiny, Alan, Ann
Sindhu Ebenezer & N Dharmaraj, Dharsin Priya, Prannoy Neago
Rekha Ebenezer & K Ross Fenn, Julia, Ron

## First Death Anniversary
In Ever Loving Memory of



## Er. V.N. Rajan
(Retd. Chief Engineer, KSEB)
Chalakuzhy Road, Pattom

Died on: 15-10-2014

*"Whether we live or die we belong to the Lord"*

By sorrowing family.

# വാർദ്ധക്യകാല സംരക്ഷണം

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

ഒക്ടോബർ 1, ലോക വൃദ്ധദിനം. ഐക്യരാഷ്ട്രസംഘടനയുടെ ആഹ്വാനം അനുസരിച്ച് 1992 മുതൽ എല്ലാ വർഷവും ഈ ദിനം നാം ആചരിക്കാറുണ്ട്. നമ്മുടെ രാജ്യത്തിലെ നിയമം അനുസരിച്ച് 60 വയസ്സിന്മേൽ പ്രായമുള്ളവരെയാണ് നാം വൃദ്ധജനങ്ങൾ (സീനിയർ സിറ്റിസൺസ്) എന്ന പേരിൽ ആദരിക്കാറുള്ളത്. വികസിത രാജ്യങ്ങളിൽ ഈ പ്രായം 65 വയസ്സാണ്. കേരളത്തിൽ ഏറ്റവും അധികം വൃദ്ധജനങ്ങളുള്ള ജില്ല പത്തനംതിട്ടയാണ്. ദീർഘായുസ്സിന്റെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നത് രാഷ്ട്രീയ നേതാക്കളാണ്.

ജീവിതയാത്രയുടെ വിവിധഘട്ടങ്ങളായ ശൈശവം, ബാല്യം, കൗമാരം, യൗവ്വനം എന്നിവ കഴിയുമ്പോൾ നാം വാർദ്ധക്യത്തിലേക്കുള്ള പ്രയാണം ആരംഭിക്കുന്നു. നമ്മുടെ ശരീരം ആരോഗ്യത്തിന്റെ പാരമ്യത്തിലെത്തി നിൽക്കുന്നത് 30 വയസ്സിനോടടുത്ത പ്രായത്തിലാണ്. 30 വയസ്സ് കഴിയുമ്പോൾ വാർദ്ധക്യസഹജമായ മാറ്റങ്ങൾ ഓരോന്നായി നമ്മുടെ ശരീരത്തിൽ വിരുന്നുവരുന്നു.

വൈദ്യശാസ്ത്രം വളരെയേറെ പുരോഗമിച്ചിട്ടുള്ള യുഗത്തിലാണ് നാം ജീവിക്കുന്നത്. നൂതനമായ രോഗനിർണ്ണയ മാർഗ്ഗങ്ങൾ, ജനിതക ശാസ്ത്രരംഗത്ത് നാം കൈവരിച്ചിട്ടുള്ള അത്ഭുതാവഹമായ നേട്ടങ്ങൾ, അവയവം മാറ്റിവെയ്ക്കൽ ഉൾപ്പെടെ ആധുനിക ചികിത്സാരീതികൾ, പ്രതിരോധ കുത്തിവെയ്പ്പുകൾ എന്നിവ നമ്മെ ദീർഘായുസ്സ് എന്ന വാഗ്ദത്ത ഭൂമിയിലേക്ക് കൈപിടിച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ മരണത്തെ കീഴ്പ്പെടുത്തുവാൻ ശാസ്ത്രത്തിന്റെ ഒരു കണ്ടുപിടുത്തത്തിനും ഇന്നുവരെ കഴിഞ്ഞിട്ടില്ല.

**വാർദ്ധക്യത്തെ എങ്ങനെ പ്രകാശപൂരിതമാക്കാം?**

വാർദ്ധക്യസഹജമായ മാറ്റങ്ങൾ നമ്മുടെ ശരീരത്തിലെ ഓരോ അവയവത്തിലും ഉണ്ടാകുന്നതിന്റെ അടിസ്ഥാന കാരണം കോശങ്ങളുടെ ജീർണ്ണതയാണ്. ത്വക്കിനടിയിലുള്ള കൊഴുപ്പിന് ജീർണ്ണത സംഭവിക്കുമ്പോൾ തൊലിയിൽ ചുളിവുകൾ ഉണ്ടാകുന്നു. തലമുടിയിലെ കോശങ്ങൾക്കുണ്ടാകുന്ന ജീർണ്ണത മുടിനരയ്ക്കുന്നതിന് കാരണമായിത്തീരുന്നു. ഓരോ അവയവങ്ങളിലും സംഭവിക്കുന്ന സമാനമായ മാറ്റങ്ങൾ-കണ്ണുകളിൽ തിമിരം ഉണ്ടാക്കി കാഴ്ചശക്തി കുറയ്ക്കുന്നു, മൂക്കിന്റെ ഘ്രാണശക്തി കുറയുന്നു, പല്ലുകൾ പൊഴിയുന്നു, നാവിന്റെ രുചി കുറയുന്നു, അസ്ഥികളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഓസ്റ്റിയോപൊറോസിസ് എന്ന വൈകല്യം ഉണ്ടാക്കുന്നു. മേൽപ്പറഞ്ഞതരം ജീർണ്ണത തലച്ചോറിലെ കോശങ്ങൾക്ക് സംഭവിക്കുമ്പോൾ മറവിരോഗം, പാർക്കിൻസൺസ് ഡിസീസ്, പക്ഷാഘാതം എന്നീ അവസ്ഥകൾ വന്നുചേരുന്നു. പ്രായം കൂടുക എന്നത് പ്രകൃതിയുടെ നിയമമായതിനാൽ ഈ മാറ്റങ്ങളും ഒഴിച്ചുകൂടാനാവാത്തവയുമാണ് ഇവയെ രോഗങ്ങളായി കരുതാതെ ഇവയുടെ തീവ്രത കുറയ്ക്കുന്നതിന് മദ്ധ്യവയസ്സുമുതൽ മുൻകരുതലുകൾ ആവശ്യമാണ്. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. **എപ്പോഴും ആക്ടീവ് ആയിരിക്കുക**

'എനിക്ക് വയസ്സായി, ഇനി എനിക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല' എന്ന് വിലപിച്ച് വെറുതേ ടി.വി.യുടെ മുമ്പിൽ കുത്തിയിരിക്കാതെ സ്വന്തം കൈകൾ കൊണ്ട് ചെയ്ത് തീർക്കാവുന്ന കാര്യങ്ങൾ ചെയ്യുക. പച്ചക്കറി, പൂന്തോട്ട നിർമ്മാണം എന്നിവ ആർക്കും ചെയ്യാവുന്നതാണ്. മക്കളുടെ കുടുംബങ്ങളോടൊപ്പം താമസിക്കുന്നവർ പേരിക്കിടാങ്ങളുടെ ഉറ്റമിത്രങ്ങളായിരിക്കുക, കഥകൾ പറഞ്ഞുകൊടുത്ത് വിജ്ഞാനപ്രദമായ കാര്യങ്ങൾ അവരെ പഠിപ്പിക്കുക. അദ്ധ്യാപകരായി പെൻഷൻപറ്റി കഴിയുന്നവർക്ക് പേരക്കിടാങ്ങളെ അവരുടെ ഹോംവർക്ക് ചെയ്യാൻ സഹായിക്കാവുന്നതാണ്.

2. **ഭക്ഷണത്തിൽ മിതത്വം പാലിക്കുക**

നാര് ധാരാളമുള്ള പച്ചക്കറികൾ, പഴങ്ങൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം മുതലായ രോഗങ്ങൾ ഉള്ളവർ കൃത്യമായി ചികിത്സ ചെയ്യുന്നതോടൊപ്പം ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം മാത്രമേ ഭക്ഷണം കഴിക്കാവൂ, ഫാസ്റ്റ് ഫുഡ്, ജങ്ക് ഫുട്, വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ, ടിന്നിലടച്ച ഭക്ഷണം എന്നിവ പരമാവധി ഒഴിവാക്കുക.

3. **പുകവലി, മദ്യപാനം എന്നീ ദു:ശ്ശീലങ്ങളോട് വിടപറയുക**

ഗൃഹനാഥൻ പുകവലിക്കുന്ന വ്യക്തിയാണെങ്കിൽ അന്തരീക്ഷത്തിൽ കലർന്ന് പുക ശ്വസിക്കുന്ന കുടുംബാംഗങ്ങൾക്കും പുകവലിയുടെ ദൂഷ്യഫലങ്ങൾ ഉണ്ടാകും എന്ന സത്യം മറക്കരുത്.

4. **ഇത്തിരി ഉച്ചയുറക്കം - ദീർഘായുസ്സിന് ഉത്തമ ടോണിക്**

ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ ഉച്ചയുറക്കം ശീലമാക്കിയ മഹാന്മാർ ദീർഘായുഷ്മാന്മാരായി കഴിഞ്ഞിരുന്ന സത്യം മനസ്സിലാക്കാം. ഉച്ചയുറക്കം നീണ്ടുപോയാൽ രാത്രി നിദ്രയെ അത് പ്രതികൂലമായി ബാധിക്കും.

5. **സാമ്പത്തിക പരാധീനതകൾ ഒഴിവാക്കുക**

വാർദ്ധക്യത്തെ നരകതുല്യമാക്കുന്ന ഒരു പ്രധാനഘടകമാണ് ദാരിദ്ര്യം. അതിനാൽ സ്വത്ത് വകകൾ മക്കളുടെ പേരിൽ എഴുതുമ്പോൾ തങ്ങളുടെ മരണശേഷം മക്കൾക്ക് ഉപയോഗിക്കാവുന്ന വിധം ആയിരിക്കണം വിൽപ്പത്രം.

6. **വീഴ്ചകൾ ഒഴിവാക്കാം**

വാർദ്ധക്യത്തെ നരകതുല്യമാക്കുന്ന ഒരു പ്രധാനഘടകമാണ് വീഴ്ചകൾ മൂലമുണ്ടാകുന്ന അസ്ഥിക്ഷതങ്ങൾ. വീട്ടിനുള്ളിലൂടെ നടക്കുമ്പോഴും ബാത്റൂമിനുള്ളിലും വഴുതിവീഴാതെ പ്രത്യേകം ശ്രദ്ധിക്കണം. പടിക്കെട്ടുകൾ കയറുമ്പോൾ ഏറെ ശ്രദ്ധവേണം. മൂന്നുനാല് നിലകൾ ഒന്നിച്ച് കയററുത്. ഗോവണിയിലൂടെ കയറുമ്പോൾ കൈവരിയിൽ ബലമായി പിടിച്ചുകൊണ്ട് ഓരോ പടിക്കെട്ടും സാവധാനത്തിൽ കയറുക.

7. **യാത്ര ചെയ്യുമ്പോൾ ലഗ്ഗേജ് പരമാവധി കുറയ്ക്കുക**

റോഡരികിലൂടെ നടക്കുമ്പോൾ അമിതവേഗത്തിൽ വാഹനങ്ങൾ പാഞ്ഞുവരുന്നതുകണ്ടാൽ അവ കടന്നുപോകുന്നതുവരെ അൽപ്പസമയം റോഡരികിൽ മാറി നിൽക്കുക. തിരക്കുള്ള കവലകളിൽ റോഡുമുറിച്ചു കടക്കുമ്പോൾ ഏറെ ശ്രദ്ധവേണം. വേണ്ടിവന്നാൽ സഹയാത്രികരുടെ സഹായം തേടുക.

8. **വസ്ത്രധാരണത്തിലും ശ്രദ്ധവേണം**

വേഷമാണ് വ്യക്തി. 'ഈ വയസ്സുകാലത്ത് ഇങ്ങനെ നടന്ന് ആരെ കാണിക്കാൻ' എന്ന ചിന്താഗതി ഉപേക്ഷിക്കുക. വൃത്തിയായ വസ്ത്രധാരണം ആത്മവിശ്വാസം വർദ്ധിപ്പിക്കും, പുറത്തിറങ്ങുമ്പോൾ പാദങ്ങൾക്ക് യോജിച്ച അളവിലുള്ള പാദരക്ഷ ഉപയോഗിക്കുകയും വേണം.

9. **നിത്യവും ഉപയോഗിക്കുന്ന സാധനങ്ങൾ കൈയ്യെത്തുന്ന സ്ഥലത്ത് വെയ്ക്കുക**

ഉദാഹരണമായി കണ്ണട. രാത്രിയിൽ ഉറങ്ങുമ്പോൾ നല്ല പ്രകാശമുള്ള ഒരു ടോർച്ച് കിടക്കയ്ക്കരികിൽ സൂക്ഷിക്കുക. മുകളിൽ സൂക്ഷിക്കുന്ന സാധനങ്ങൾ എടുക്കുന്നതിന് സ്റ്റൂളിലും പ്ലാസ്റ്റിക് കസേരകളിലും കയറുന്നത് ഒഴിവാക്കിയാൽ ഇത്തരം വീഴ്ചകളിൽ നിന്ന് രക്ഷപ്പെടാം.

10. **മനസ്സ് സ്വസ്ഥമായിരിക്കട്ടെ**

കഴിഞ്ഞകാല സംഭവങ്ങളെ ഓർത്ത് വിഷമിക്കരുത്.... നാളെ എന്ത് സംഭവിക്കുമെന്ന് ഓർത്ത് വ്യാകുലപ്പെടരുത്. ഇന്ന് ജീവിക്കുക. രാത്രിയിൽ ഉറങ്ങുന്നതിനുമുമ്പ് അന്ന് പകൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവത്തോട് നന്ദി പറഞ്ഞുകൊണ്ട് സമാധാനമായി ഉറങ്ങുക. ഇടയ്ക്കിടെ പ്രാർത്ഥനാ ഗ്രൂപ്പുകളിൽ പങ്കെടുക്കുന്നതും നല്ലതാണ്.

## The Rev. Vinod Victor installed and commissioned as Priest in Charge of the Parish of Ashburton (Anglican Church).

The Rt. Rev. Philip Huggins the Bishop of Melbourne installed and commissioned the Rev. Vinod Victor as the Priest in Charge of the Parish of Ashburton at a meaningful service held at St. Matthews Anglican Church Ashburton on the 17th of August 2015. Being part of the Anglican Diocese of Melbourne he will be the Priest in Charge of the St. Matthews Church and also the Melbourne CSI Church in a unique agreement between the CSI and the Melbourne Diocese. The Ven. Ian Morrison the Arch Deacon of Box Hill led the service which was attended by people and pastors from all walks of life. The Rev. Vinod Victor will also hold additional charge of the CSI congregation in Sydney and in Adelaide until the Moderator makes appropriate arrangements for pastoral care. Rev. Vinod Victor is joined by his wife Molly Catherine and daughters Giji Anna and Dorothy Rachel and they will be residing at the Ashburton Vicarage in 334 High Street. Contacts of friends and relatives who are in Melbourne or in Australia may please be communicated to Rev. Vinod in his email vinodandmolly@gmail.com so that he could pastorally follow up on them.

**The Rev'd. Vinod Victor**
Priest-in-Charge
St. Matthews Anglican Church Ashburton & Melbourne CSI Church
334, High Street, Asbhurton, Melbourne,VIC 3147, AUSTRALIA
Ph: +61-426-100-695

Poem

# Jesus in Glory

Juliet Josephus



Majestic Son of a Majestic God,
The King of Kings and Lord of Lords,
In glory He sits at God's right Hand,
Having achieved what Father God decreed.

The purchase of the souls of Men was done
By the shedding of divine Blood,
When Jesus did bleed at Calvary
To save each man ,born with the stamp of sin.

Gloriously arrayed, He sits on the throne,
Having accomplished God's plan,
Because on the Cross He gave His life
That we might live forever with Jesus.

He would not swerve from the path that He trod,
Though the path was agony- filled,
Leaving behind all glory He came
To die on the Cross for sinners like me.

When He rose from the Dead,conquering Death,
He completed what none had done,
Henceforth Death is nothing to be feared,
Death is but a door to Heav'n-God's Kingdom.

For those who repent,believe in the Lord,
Turn to Him, ask Him in,
Christ with His glory shall come within,
We shall become in the likeness of Christ.

Christ shall appear in His glory that day,
Glory of the Father and the angels,
When He alights on Mount of Olives,
To start His millennial reign on earth.

He'll come with all those who shared His glory
When raptured to Heaven from Earth,
Wearing unfading crown of glory,
They shall rule with Christ on earth when they come.

Even now though we fail to recognize
All born-again bear the glory
Of the One who comes to live within,
The Holy Spirit Of God and Jesus.

To the Third of the God-Head pow'r is giv'n
To continue through chosen folks,
The work Jesus had begun on earth
To preach,teach and heal, and how to be saved.

Even though He has crowned Man with glory,
Christ in me the hope of glory,
Made man in His very own image,
All pow'r,all glory belong to the Lord!
Forever and forever!

## In ever loving memory of

*Safe in the arms of Jesus*



# A. FLORA ROSE

08-10-1949 - 09-10-2014

*by*
*Sorrowing Families*
*Mrs. Chandra Wellington & A. Sam Nathaniel*
*TC 14/1257, Observatory Hill, Palayam*

## 14th Death Anniversary
**09 October 2015**



## Gnanadas Oliver

'Blessed are the dead who die in the Lord'
(Rev. 14:13)

*Inserted by*
Wife and Children

# Family Week









# Faith in the Lord

Arul John Ebenezer

"Trust in the Lord is the backbone for a successful Christian life"

In the eighteenth century in a Sunday School a missionary was teaching about faith in the Lord's mighty power. She said St. Mathew 17:20 says that" if you command in undoubting faith to a mountain to move from a place to another it will happen, but your trust in God should be strong"

Hearing the promise, children were excited and their faith root became strong and the questioning level became alert.

One of the smart child who felt very happy about the promise of God's word asked "teacher, are you sure that the mountain will move when I pray in faith? To strengthen the faith of the children the teacher replied "yes it will happen"

Then the little girl asked permission to go to her school playground and pray God to remove a big rock in the middle of the ground,which always blocked the students playing.

Hearing the request of the child the teacher shook a while, but permitted the little girl to pray for the rock to move away from the playground.

The girl walked to the rock confidently in faith and said "rock, rock go away from here and fall in the sea "she returned and waited in undoubting faith to see the miracle. The missionary teacher continued to pray for students' faith not to shake in any situation.

Two days after due to a mild earth quake on the ground the rock overturned. The school management invited tender to remove the rock. A contractor who was constructing a sea wall bid the tender. The contractor broke the rock and constructed the sea wall.

Dear in Christ, the undoubting faith of the child was valued by our Lord to do a miracle, as she wished.

Our faithful and undoubting prayers will bring answer in the right time of God. God bless you

**We welcome these new families joined by Marriage**

| Sl No | Family No | Name | Date of Marriage |
|---|---|---|---|
| 1 | 2115 | Er.Anu Stanley & Mrs.Sruthi J J | 25-08-2015 |
| 2 | 2116 | Dr.Ajay Solomon Linson & Dr.Suvindha Jones | 27-08-2015 |

# The Protestant Reformation

Manoj Kumar Ebenezer

The CSI, along with Presbyterian and Reformed Churches around the world, observes the last Sunday in October as Reformation Sunday. This year it falls on October 25, 2015. In many Lutheran Churches, instead of Reformation **Sunday**, the 31st of October is commemorated as Reformation **Day**. Either way, it helps us to remember Martin Luther posting his 95 Theses against the pope on October 31. 1517 on the door of the castle church at Wittenberg, Germany – the event that sparked the Protestant Reformation.

Here is a quick survey of the main Church denominational groups that arose from the Reformation:

**LUTHERAN CHURCHES.** Luther did not intend to split the Roman Catholic Church, but only to reform it of its unbiblical teachings, but he and his followers were excommunicated by the pope. The key teaching of Luther was "justification (being right with God) by faith alone (not by our own effort)", based on Galatians 3:11. Lutheran teachings were summarized in the Augsburg Confession (1530). Lutheran churches are found mostly in Germany, Switzerland, Denmark, Finland, Norway, Sweden and the USA.

**REFORMED CHURCHES.** Lutheran churches still followed a modified form of many Catholic ceremonies. Other reformers like Zwingli and John Calvin, both based in Switzerland, wanted more thorough reforms in the Church. Their followers formed **Reformed** Churches in Europe (mainly Switzerland, France, Netherlands and Hungary) and South Africa and **Presbyterian** Churches in English-speaking countries (England, Scotland and the USA). Their beliefs and the form of church organization was the same.

**ANGLICAN CHURCH.** William Tyndale's translation of the Bible was the first in English and set the stage for the Reformation in England, along with the influence of Luther's teaching which was discussed in universities such as Cambridge. In 1532, King Henry VIII cancelled the authority of the pope over the Church of England, merely so that he could have a divorce and marriage that he wanted. But the new Archbishop of Canterbury, Thomas Cranmer, was strongly influenced

by Lutheran teaching. He wrote the Anglican Confession of Faith called the 'Articles of Religion', and prepared the Book of Common Prayer (liturgy), which consolidated the Protestant faith in the Church of England.

**SEPARATISTS or NON-CONFORMISTS**. Many Anglicans were dissatisfied with the Church and wanted more reforms in line with the Bible. They separated from the Anglican Church (which was made the official religion during the reign of Queen Elizabeth I, and a law passed compelling people to "conform") and were called non-Conformists. One branch led by John Smyth opposed child baptism and started the **Baptist** churches. Another branch led by Robert Browne established the **Congregational** churches. Both groups insisted on independent congregations, not organized under bishops. Both Congregationalists and Baptists became the dominant denominations in the USA.

**METHODIST CHURCH.** In the mid-18th century, John Wesley led a reform movement in the Anglican Church. After his death, his followers organized into a separate denomination called the Methodist Church. They laid great emphasis on holiness and sanctification and the Holy Spirit. Next to Congregationalists and Baptists, Methodists gained the largest followers in the USA. The initial formation of Pentecostal churches in the early 1900s was by splitting from the Methodists in the USA.

While such is the history behind the denominations, it was the Church of South India that for the first time in history brought many different denominations (Congregational, Presbyterian, Anglican, Methodist) into unity, on September 29, 1947. Let us remember that the motto of our unity is the prayer of Jesus in the Upper Room, "That they may all be one" (John 17:21). A greater church union, involving the CSI and the CNI, and the Lutheran and Baptist churches, should be our vision.

## സഭാ രജിസ്റ്റർ വെരിഫിക്കേഷന് അവസരം

നമ്മുടെ സഭാംഗങ്ങൾക്ക് ഞായറാഴ്ച ദിവസം സഭാരജിസ്റ്റർ പരിശോധിച്ച് തെറ്റുകളുണ്ടെങ്കിൽ തിരുത്തുവാനുള്ള അപേക്ഷ സമർപ്പിക്കുവാൻ ഒക്ടോബർ 18 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സഭാകമ്മിറ്റി അംഗമായ ജോഷിദാസുമായി (ഫോൺ: 9446052121) ബന്ധപ്പെടുക.

# Bible Quiz

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the **Book of Numbers (NIV), chapters 19 to 27.** Kindly, read these chapters before attempting the quiz. These nine chapters describe the Israelites' halfway through their exodus, including an incident where the person sent to curse them blesses them instead. It also contains the consequences of the rift among the Israelites; especially the punishment to Moses and Aaron, as they failed to obey the Lord's command.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible, kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions posted in the Church Office Notice Board. Submit your answers written in English or Malayalam before October 14th at the CSI MM Church Office or email us at cvquiz@mateermemorialchurch.com

1. Which animal spoke in human tongue because the Lord opened its mouth?
2. In which place did the Lord tell Moses and Aaron that they would not enter the promise land?
3. What is the color of the heifer that is to be burned to ashes used for water of cleansing?
4. Whose daughters were to be given inheritance because he had no son?
5. Against whom is there no sorcery?
6. Where did Aaron die?
7. "The Lord has kept you from being rewarded", who said this to whom?
8. What was the total number of men of Israel when a census was taken on the plains of Moab?
9. Who is the father of Phinehas?
10. Why did the Lord sent venomous snakes among the people?

---

**The correct answers to the quiz on Numbers 10 to 18**

1. Aaron's 17:8
2. On 16:1
3. Miriam 12:15
4. Jephunneh 13:6, 14:6
5. The service of priesthood 18:7
6. 40 13:25
7. Blue 15:38
8. Kibroth Hattaavah 11:33,34
9. Two trumpets 10:2
10. Ephraim 13:8

---

**List of people who had submitted the right answers** (along with the reference)

1. Helen Saramma E. H.
2. Soben S. L.
3. Reuben S. L.
4. Jolly Irene G.
5. Preetha John
6. Grace Ammal V.
7. Mahil Ajith
8. J. Sumagala
9. Shireen Evangeline Ross
10. Lalitha Jacob
11. Vathsala Lal
12. Premila Sylam
13. Nesakumari Davidson

**Women's Fellowship News**

# Family Week 2015

The family week programmes were based on the theme 'Teachings and principles for a Model Christian Family. On 6th Sept Rev.T.Selvarajan inaugurated the "Breakfast and Snack Sale' organised to raise funds for helping the needy.A donation of rs. 20,000 donated by Dr. Sunila Anbarasu, Australia was handed over to the Secretary. On 7th and 8th Sept members visited the homes of the elderly and those who are unable to attend the W.F meetings.Members also visited the LMS U P school and donated 60 steel plates to needy students.

The guest speaker for the regular Wednesday programme was Mrs Susan Philip from the Jerusalem Marthoma Church, Nanthencode. On 10th Sept a cottage prayer was arranged at the residence of Mrs. Winsome Madona Titus, a former very active member of our W.F. Mrs.Freeda Christopher gave the message.

On 10th Sept visit to Anbu Nilayam Home for the Aged at Cheruvarakonam, Parasala was organised. First we visted the home of our former Bishop Rt. Rev. Samuel Amirtham and Lilly Kochamma and enjoyed fellowship by singing and Prayer followed by Tea and snacks.At Anbu Nilayam we interacted with the residents and had lunch with them. A "Refrigerator" was donated for the Home and it was sponsored by Mrs Jaima Gaineos in memory of late Mrs. Kamala Gaineos,former Secretary and a very dedicated member of the W.F.We had our evening tea and fellowship with the family members of our Achan Rev. Sunin Spencer and offered our Best Wishes to Mrs. and Mr. Eliazar his parents who had just celebrated their Golden Wedding Anniversary. Rev.C.R.Vincent gave leadership for all these programmes.

Family Sunday was conducted on 13th Sept and members of the W.F took part in Bible reading and gave message in all the services.Sincere thanks to all those who read the Bible and to Mrs. Girlie Ansalam, Mrs.Ponmony Mohana, Mrs.Rachel Sumam Vincent, Mrs. Roshini George Ninan and Mrs.Laila Johns for rendering sermon in our services.

M M Church Women's Fellowship is thankful to Rev.T Selvarajan, Rev. C.R.Vincent and Rev. Sunin Spencer for the support they have given in all our programmes.Thanks are due to all W.F members and well wishers who made the Family Week a success.

Let me thank God Almighty for all the blessings He has showered upon the families in our Church and pray for His continued Guidance and Grace.

**Prabha Joshua**, Secretary

## Circle Prayer - October & November 2015

| Date | F No | Name | Address | Area Deacon |
|---|---|---|---|---|
| 02-10-15 | 1877 | Mr.Raj Mohan K P | Mira,HNo-63G,Lane E,Kattachal Nagar,Vettamukku | Dr.Churchin Ben S G |
| 02-10-15 | 809 | Mr.Sam Justus D | Pazhavilayil,KP V/801 B,Pallimukku,Kallayam | Dr.John Sajit Edwin |
| 06-10-15 | 1538 | Dr.Dilip Stewart | Sanketham,TC 42/844-14, GKRA 5A,Muttathara | Mr.Sajan Samson R |
| 06-10-15 | 1472 | Dr.Kishor Mohan T C | Sharon,Near Mukkola CSI Church,Kallayam | Dr.John Sajit Edwin |
| 06-10-15 | 1994 | Dr.Alwin Prakash B | Alwin Villa,BNRA 164A, Bhagavathy Nagar, Kowdiar | Mr.Christudas Y |
| 09-10-15 | 1447 | Mr.John S | HsNo-A16, Police Quarters, Vikas Lane,PMG | Dr.Arthur Jacob |
| 09-10-15 | 1742 | Mr.Mohan Kumar | Sumanam Shalom,TC 11/1478-1, Nanthencode | Mrs.Charlet Bai Robertsingh |
| 09-10-15 | 1098 | Dr.Rajan E | Belair,TC 3/161,PRA 16,Paruthippara,Muttada | Er.Sam Moses M |
| 13-10-15 | 1431 | Mr.Suju Sathyanathan | Nathanya,RNRA A21,Voltas Lane,Rajeev Nagar | Mrs.Pushpa Madan |
| 13-10-15 | 1878 | Mr.Prathapa Chandran N K | Shinvil,HsNo-35, TC 11/1182,Watts Lane, Nanthencode | Dr.Satheesh S |
| 13-10-15 | 1839 | Mr.Dennison S K | B72,Santhi nagar,Near Petrol Pump,Thirumala | Er.Joshi Das Y S |
| 16-10-15 | 1240 | Mr.Vincent Prasoonam | Lilly Bhavan,TC 14/1314(1),Chennilod,Kumarapuram | Adv.Sarjine Thomas |
| 16-10-15 | 1763 | Mr.Sekharan Daniel V | Zion,TC 26/689-3, Officers Nagar 1B, Ootukuzhy | Dr.Christenson E Sarasam |
| 16-10-15 | 1970 | Mr.Santhosh Kumar D | Thejas,MMRA B73,Pulari Nagar,Moonamoodu | Dr.Churchin Ben S G |
| 20-10-15 | 1075 | Mrs.Padma Jasmine Stanley | Rohini,MBRRA 46-1,Mathrubhumi Road,Vanchiyoor | Mr.Sajan Samson |
| 20-10-15 | 1115 | Mrs.Mary Louis | TC 4/56,AVRA 16,Ambala Nagar | Dr.John Sajit Edwin |
| 20-10-15 | 1891 | Mr. Edwin Joseph Roy | Evan Cottage,BNRA 6,TC 9/162,O Street,Jawahar Nagar | Mr.Christudas Y |
| 23-10-15 | 417 | Mrs.Maryamma | TC 11/1087,H No-105,Watts Lane,Nanthencode | Dr.Satheesh S |
| 23-10-15 | 1818 | Mr.Anil Joy K | Deepthi,NRA 68, TC 14/682,Nandavanam | Mrs.Pushpa Madan |
| 23-10-15 | 1746 | Mr.Jaison E | Medavila,TC 12/472-11, PRA 6,Poochadivila,Plamood | Dr.Arthur Jacob |
| 27-10-15 | 741 | Lt.Col.Joseph Rajkumar Titus | Hebron,NNRA 66C,Nalanda,Nanthencode | Mrs.Charlet Bai Robertsingh |
| 27-10-15 | 1739 | Mr.Joy C S | Ashiana,TC 8/1854,Vettamukku,Thirumala | Dr.Churchin Ben S G |
| 30-10-15 | 1712 | Mr.Sajan Samson R | Gloria,PLRA 20A,Panachamoodu Lane, Pattom | Dr.Arthur Jacob |
| 30-10-15 | 1788 | Mr.Mohan Kumar T S | Happy Home,TC 14/1322-1,A47,Rajeev Nagar | Mrs.Pushpa Madan |
| 30-10-15 | 1756 | Dr.Segin Chandran K R | Aardram,JWRA 60A,Kochar Road,Jagathy | Er.Joshi Das Y S |
| 03-11-15 | 1382 | Mr.Sreekumar D P | WRA 50,Watts Lane, Nanthencode | Dr.Satheesh S |
| 03-11-15 | 1576 | Mr.Assaria A | Suseela Bhavan,HsNo-35,Mariaya Nagar,Erappukuzhy | Dr.John Sajit Edwin |
| 03-11-15 | 915 | Mr.Wilson P | TC 11/312,CNRA 61,Keston Road | Mr.Christudas Y |
| 06-11-15 | 1570 | Mr.Jose P K | Shalem,HsNo-D9,Amba Nagar,Vanchiyoor | Mr.Sajan Samson |
| 06-11-15 | 881 | Mr.Dharmaraj T | TC 11/1334,53 Bains Compound,Nanthencode | Mrs.Charlet Bai Robertsingh |
| 06-11-15 | 1777 | Mr.Saju Kumar N | Shalem, APRA 27,Arappura Lane, Kannamoola | Adv.Sarjine Thomas |



# മുതിർന്നവരെ കരുതുക



ഒരു രാജ്യത്തെ വൃദ്ധനായ രാജാവ് മരിച്ചപ്പോൾ യുവാവായ മകൻ അധികാരം ഏറ്റെടുത്തു. അധികാരമേറ്റയുടൻ രാജാവ് തന്റെ രാജ്യത്തിലെ വൃദ്ധരായ ജനങ്ങളെയെല്ലാം നാടുകടത്തുവാൻ തീരുമാനിച്ചു. ഇതറിഞ്ഞപ്പോൾ ഒരു കൊട്ടാര പണ്ഡിതൻ പറഞ്ഞു: 'വൃദ്ധന്മാർ ആപത്ഘട്ടങ്ങളിൽ ഉചിതമായ ഉപദേശങ്ങൾ നൽകും. അതിനാൽ അവരെ നാടുകടത്തേണ്ട.' ഇതുകേട്ട യുവരാജാവ് 'ആർക്കുവേണം അവരുടെ ഉപദേശം. അവരെക്കാൾ ബുദ്ധിയും സാമർത്ഥ്യവുമുള്ളത് ചെറുപ്പക്കാർക്കാണ്' എന്ന് പ്രതികരിച്ചു.

പിറ്റേന്ന് രാവിലെ തന്നെ രാജകിങ്കരന്മാർ രാജവിളംബരം ചെയ്തു: 'നാട്ടിലുള്ള എല്ലാ വൃദ്ധജനങ്ങളേയും നാടുകടത്തിയിരിക്കുന്നതായി രാജാവ് പ്രഖ്യാപിച്ചിരിക്കുന്നു. ആരെയെങ്കിലും രാജ്യത്ത് കണ്ടുപോയാൽ വാളിനിരയാകും.' രാജാവിന്റെ കൽപ്പന എല്ലാവരും അനുസരിച്ചു. എന്നാൽ ധീരനായ ഒരു ചെറുപ്പക്കാരൻ തന്റെ പ്രായംചെന്ന പിതാവിനെ നാടുകടത്താൻ ആഗ്രഹിച്ചില്ല. അവൻ തന്റെ പിതാവിനെ മുറിക്കുള്ളിൽ ഒളിപ്പിച്ച് പാർപ്പിച്ചു.

അങ്ങനെയിരിക്കേ രാജ്യത്താകെ കഠിനമായ വരൾച്ചയുണ്ടായി. ജലാശയങ്ങൾ വറ്റി. പാടങ്ങൾ ഉണങ്ങി. നാടെങ്ങും പട്ടിണിയിലായി. ജനങ്ങൾ രാജാവിന്റെ പക്കൽ പരാതിയുമായി എത്തി. എന്നാൽ അദ്ദേഹം അക്കാര്യത്തിൽ നിസ്സഹായനായിരുന്നു. പിതാവിനെ വീട്ടിനകത്ത് ഒളിപ്പിച്ച യുവാവിന്റെ സ്ഥിതിയും വളരെ കഷ്ടത്തിലായിരുന്നു. എങ്കിലും അവൻ പിതാവിനുള്ള ഭക്ഷണം എത്തിച്ചുകൊടുത്തിരുന്നു. മകന്റെ വിഷമം കണ്ട് ഒരു ദിവസം പിതാവ് കാര്യം തിരക്കി. അപ്പോൾ മകൻ നാട്ടിലെ വരൾച്ചയെപ്പറ്റി പിതാവിനോട് പറഞ്ഞു.

കുറച്ചുനേരം ആലോചിച്ച ശേഷം വൃദ്ധൻ പറഞ്ഞു: 'മഞ്ഞുകാലം കഴിയുകയല്ലേ? വസന്തകാലാരംഭത്തിൽ മഴപെയ്യാതിരിക്കില്ല. ആദ്യത്തെ മഴ കഴിയുമ്പോൾ ധാന്യങ്ങൾ ശേഖരിച്ചുവച്ചിരുന്ന നമ്മുടെ കളം ഉഴുതുമറിച്ച് കൃഷിക്ക് ഒരുക്കുക.' യുവാവ് പിതാവിന്റെ ഉപദേശം അനുസരിച്ച് ആദ്യത്തെ മഴ കഴിഞ്ഞപ്പോൾ കളം ഉഴുതിട്ടു. അടുത്ത മഴയ്ക്ക് അവിടെ ധാന്യം മുളച്ചുപൊങ്ങി.

നാട്ടിലുള്ളവർ ഈ കാഴ്ച കാണാൻ ഓടിയെത്തി. രാജാവിന്റെ ചെവിയിലും ഈ വാർത്തയെത്തി. രാജാവ് അവനോട് ചോദിച്ചു: 'വിതയ്ക്കാതെ എങ്ങനെയാണ് നിന്റെ പാടത്ത് വിത്തു മുളച്ചത്?' യുവാവ് നടന്ന സംഭവമെല്ലാം രാജാവിനെ അറിയിച്ചു. തന്റെ വൃദ്ധനായ പിതാവിന്റെ ഉപദേശമനുസരിച്ചാണ് താൻ പ്രവർത്തിച്ചതെന്ന് യുവാവ് രാജാവിനെ അറിയിച്ചു.

ഉടൻതന്നെ വൃദ്ധനെ കൊട്ടാരത്തിലേക്ക് കൊണ്ടുവരുവാൻ രാജാവ് ആവശ്യപ്പെട്ടു. അവിടെവെച്ച് തന്റെ പിതാവിന്റെ തലവെട്ടും എന്ന് യുവാവ് ഭയന്നു. തന്റെ തലപോയതുതന്നെ എന്ന് വൃദ്ധനും ഭയപ്പെട്ടു. എന്നാൽ അതുണ്ടാ

യില്ല. കൊട്ടാരത്തിലെത്തിയ വൃദ്ധനെ വളരെ സന്തോഷത്തോടെ രാജാവ് സ്വീകരിച്ചുകൊണ്ട് ചോദിച്ചു: 'കളം ഉഴുതൊരുക്കിയാൽ അവിടെ വിത്തു മുളയ്ക്കുമോ?' വൃദ്ധൻ പറഞ്ഞു: 'തീർച്ചയായും, കൊയ്ത്തുകാലത്ത് കറ്റകൾ ശേഖരിച്ചുവയ്ക്കുക കളത്തിൽ ആണല്ലോ. അവിടെ നിന്നും അവ വണ്ടികളിൽ കയറ്റി വീട്ടിലേക്ക് കൊണ്ടുപോകുന്നു. ഇതിനിടെ ധാരാളം ധാന്യമണികൾ കളത്തിൽ പൊഴിഞ്ഞുവീഴും. അവയാണ് എന്റെ മകന്റെ കളത്തിൽ മുളച്ചുപൊങ്ങിയത്.'

'എല്ലാ കളങ്ങളിലും ഇതുസംഭവിക്കുമോ?' രാജാവ് അന്വേഷിച്ചു. 'സംഭവിക്കും', വൃദ്ധൻ മറുപടി പറഞ്ഞു. ഉടൻതന്നെ രാജാവ് കൽപ്പന പുറപ്പെടുവിച്ചു: ഓരോ കൃഷിക്കാരനും അവനവന്റെ കളങ്ങൾ ഉഴുത് കൃഷിക്ക് ഒരുക്കേണ്ടതാണ്. ബുദ്ധിമാനായ വൃദ്ധന് രാജാവ് ധാരാളം സമ്മാനങ്ങൾ നൽകി. പശ്ചാത്താപവിവശനായ അദ്ദേഹം ഉടൻ തന്നെ നാടുകടത്തിയ എല്ലാ വൃദ്ധജനങ്ങളേയും സ്വന്തം രാജ്യത്തിലേക്ക് കൊണ്ടുവരാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

ഒക്ടോബർ 1 ലോക വൃദ്ധദിനമാണ്. **വൃദ്ധജനങ്ങൾ രാജ്യത്തിന്റെ ഐശ്വര്യമാണ്. അവരുടെ നിർദ്ദേശങ്ങളും ചിന്തകളും നമ്മുടെ കുടുംബത്തേയും നാടിനേയും രാജ്യത്തേയും വളർച്ചയിലേക്ക് നയിക്കുന്നു.** അവരെ ആദരിക്കുകയും അനുസരിക്കുകയും വഴി നമുക്ക് നൻമയും ദീർഘായുസ്സും ഉണ്ടാകുമെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. പ്രായമായവരെ ധിക്കരിക്കുകയും വെറുക്കുകയും ചെയ്യുന്ന ഒരു സമൂഹം നാശത്തിലേക്കായിരിക്കും നീങ്ങുക. പ്രായമായവരുടെ അനുഭവങ്ങളും ഉപദേശങ്ങളും പുതിയ തലമുറയുടെ വളർച്ചയ്ക്കും പുരോഗതിക്കും ആവശ്യമായ ഘടകങ്ങളിലൊന്നാണ്. അതിനാൽ നാം വൃദ്ധജനങ്ങളോട് സ്നേഹവും, താൽപ്പര്യവും കാണിക്കണം.

പ്രായമായ മാതാപിതാക്കളുടെ ലോകം അവരുടെ വീട്ടിലും പരിസരത്തും മാത്രമായി ചുരുക്കാതെ അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ നമുക്ക് കഴിയണം. മുതിർന്നവരെ സ്നേഹിക്കുകയും കരുതുകയും അവരോടൊത്ത് സമയം ചെലവഴിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിനും നമുക്ക് പ്രത്യേകം ശ്രദ്ധകൊടുക്കാം.

**ആർ. സാജൻ സാംസൺ**

E-mail: sajansamson@hotmail.com

Mobile: 9447153170



*In loving Memory of*



## J. Christopher

(Rtd.Addl. Registrar, Dept of Co-operation)

**Who departed for heavenly abode on 23rd October 2012**

*By: Wife:* T. Maryamma
*Sons:* Sunil Christopher, Dr. Sajan Christopher
*Daughters-in-Law:* Mini.H.R, Dr.Sagila S.G
*Grand Children:* Miriam, Megha, Riya, Diya

*Gone, But not forgotten*

**8th Death Anniversary**



**In loving memory of**

## R. SELVARAJ

(Former HSA, St. Joseph's HSS, Tvm)

*called to eternal glory on 07-10-2007*

*Wife:* Mrs. Saly Selvaraj
*Children :* Kiran Mathew, Priya Kiran Mathew, S. Arun Mathew
*Relatives & Friends*


Mens' Fellowhsip Retreat
C.S.I